**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2163** **14-10-2024 - ൽ മറുപടിയ്ക്ക്**

**ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലെ ഒഴിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽ ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തിക എത്ര നാളായി ഒഴിഞ്ഞു കിടക്കുന്നു എന്ന വിവരം ലഭ്യമാക്കുമോ; | (എ) | മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽ ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിൽ 01/08/2024 മുതൽ ഒഴിവ് നിലവിലുണ്ട്. |
| (ബി) | ഈ തസ്തികയിലെ ഒഴിവുകൾ സ്ഥലംമാറ്റത്തിലൂടെ നികത്തുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിലെ ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയുടെ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലംമാറ്റത്തിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| (സി) | മലപ്പുറം ജില്ലയിൽ ഹെപ്പറ്റൈറ്റിസ്-എ പടർന്നു പിടിച്ചിട്ട് ഒരു വർഷം പിന്നിട്ടിട്ടും ഇതേപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ട തസ്തിക ഒഴിഞ്ഞുകിടക്കുന്നത് പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിൽ 01/08/2024 മുതലുള്ള ഒഴിവിലേക്ക് ഉദ്യോഗസ്ഥനെ നിയമിക്കുന്നത് വരെ ടി തസ്തികയുടെ ചുമതല ഡെപ്യൂട്ടി എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർക്ക് നൽകിയിട്ടുള്ളതാണ്. അതിനാൽ ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലെ ഒഴിവ് ജില്ലയിലെ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല. |
| (ഡി) | ഡെപ്യൂട്ടി എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിൽ നിന്ന് ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള ഫയലും നിലവിലുള്ള ഒഴിവുകളിലേക്ക് ട്രാൻസ്ഫർ നിയമനം നൽകുന്നതിനുള്ള ഫയലും വെവ്വേറെയാക്കി ജില്ലാ മെഡിക്കൽ ഓഫീസുകളിലെ ഒഴിവുകളിലേക്ക് ട്രാൻസ്ഫർ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലെ നിലവിലെ ഒഴിവുകളിലേക്ക് ട്രാൻസ്ഫർ നിയമനം നടത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ